ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' (IWAI) ആണ്. കൊല്ലം - ചവറ ഭാഗങ്ങളിൽ (2.75 കി.മീ.) കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite Bed) നീക്കം ചെയ്യുന്നതിന് Amphibian Dredger പോലുള്ള അത്യന്താധുനികമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ചു വരുന്നു. കായംകുളം കായലിൽ രണ്ട് കിലോമീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ രണ്ടുവരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി ആകെ 944 ചീനവലകളിൽ (ലൈസൻസുള്ളവ -502, ലൈസൻസില്ലാത്തവ - 442) 870 എണ്ണം പാരിതോഷികം നൽകി നീക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 74 വലകൾ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ദേശീയ ജലപാതയുടെ നിർമ്മാണ ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. 31-3-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഊന്നി/ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ട പരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ തീരദേശ സംരക്ഷണ ഭിത്തി**

265 (954) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇൻലാന്റ് നാവിഗേഷൻ തീരദേശ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുള്ളത്;

(ബി) അരൂർ മണ്ഡലത്തിലെ തീരദേശങ്ങളിൽ പൂർണ്ണമായും സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ തീരദേശങ്ങളിൽ ഇൻലാന്റ് നാവിഗേഷൻ തീരദേശ സംരക്ഷണഭിത്തി നിർമ്മിച്ചിട്ടില്ല. ഇറിഗേഷൻ ഡിവിഷൻ ആലപ്പുഴയുടെ പരിധിയിൽ അരൂർ മണ്ഡലത്തിലെ ഫിഷിംഗ് ഗ്യാപ് ഒഴികെ എല്ലാ പ്രദേശങ്ങളിലും



LIBRARY ARCHIVES Kerala Legislative Assembly

കടൽ തീരദേശ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇൻലാന്റ് നാവിഗേഷൻ ഫണ്ടുപയോഗിച്ച് പെരുമ്പളം പഞ്ചായത്തിലെ കാളത്തോട്, വാത്തിക്കാട് എന്നിവിടങ്ങളിൽ ബോട്ടുജെട്ടികൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) തകർന്ന കടൽ ഭിത്തിക്ക് പുനരുദ്ധാരണം ആവശ്യമായ പ്രദേശങ്ങളിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത**

266 (955) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുമെന്ന് പ്രഖ്യാപിച്ച സമയം കഴിഞ്ഞിട്ടും പ്രസ്തുത പാത കമ്മീഷൻ ചെയ്യാത്തതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത പാത എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പാതയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ ?

ഉത്തരം

(എ-സി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ - 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് 168 കി. മീ. ദൈർഘ്യമുണ്ട്. കൂടാതെ ചമ്പക്കര കനാൽ (14 കി.മീ.), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) ഇവയുൾപ്പെടെ 205 കി.മീ. ദൈർഘ്യമാണ് ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' (IWAI) ആണ്. കൊല്ലം - ചവറ ഭാഗങ്ങളിൽ (2.75 കി.മീ.) കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite Bed) നീക്കം ചെയ്യുന്നതിന് Amphibian Dredger പോലുള്ള അത്യന്താധുനികമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു വരുന്നു. കായംകുളം കായലിൽ രണ്ട് കിലോമീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ രണ്ടുവരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly